## പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6809** 13/07/2012 ൽ മറുപടിക്ക്

**ക്യാൻസർ കെയർ സെന്ററുകൾ**

**ചോദ്യം**

ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. ബെന്നി ബെഹനാൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ കെയർ സെന്ററുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കമോ ; | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | മെഡിക്കൽ കോളേജുകൾ, ആർ.സി.സി, എം.സി.സി എന്നീ സ്ഥാപനങ്ങൾ ഇല്ലാത്ത ഏഴ് ജില്ലകളിലെ (കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) ജില്ല/ജനറൽ ആശുപത്രികളിൽ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി പുതിയ കാൻസർ സെന്റർ ആരംഭിക്കുന്നതിന് 18/06/12 ലെ ജി.ഒ(ആർ.റ്റി) നം. 2019/12/ആ.കു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.<br>എല്ലാ ജില്ലകളിലും കാൻസർ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക, കാൻസർ ബോധവൽക്കരണം, സ്കൂൾ കോളേജ് തലങ്ങളിൽ നടത്തുക, വായിലെ കാൻസർ ഏറെയുള്ള ആദിവാസി ഊരുകളിൽ മൊബൈൽ കാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുക എന്നിവ പദ്ധതിയിൽ വിഭാവന ചെയ്യുന്നുണ്ട്. സെന്ററുകൾ തുടങ്ങുക വഴി സാധാരണ ജനങ്ങൾക്ക് ചികിത്സ തേടിയുള്ള യാത്രയും അനുബന്ധബുദ്ധിമുട്ടുകളും ഒഴിവാക്കാനും സാധിക്കും. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാം ; വിശദമാക്കമോ ; | | |
| (സി) | എവിടെയൊക്കെയാണ് ഇത് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ; | | |
| (ഡി) | സെന്ററുകൾ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ